## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5497 | 27.03.2018 ലെ മറുപടിക്ക്

### വീട് നിർമ്മാണത്തിനുള്ള വ്യവസ്ഥകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.എ.റഹീം | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| വീട് നിർമ്മിക്കാൻ സ്വന്തമായി നിലം ഒഴികെ ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് നിലം നികത്തി വീടുവെക്കാൻ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെ യാണെന്ന് വിശദമാക്കാമോ? | ഡാറ്റാ ബാങ്കിൽ നിലമായി ഉൾപ്പെട്ട സ്വന്തമായി വേറെ ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് ഗ്രാമപഞ്ചായത്ത് പരിധിയിൽ 10 സെന്റും, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിൽ 5 സെന്റും നിലം നികത്തി വീട് വയ്ക്കുന്നതിന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 9 പ്രകാരം ജില്ലാതല അധികൃത സമിതിയുടെ അനുമതി ആവശ്യമാണ്.<br><br>2008-ന് മുമ്പ് നികന്ന് കിടക്കുന്നതും, റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് വ്യവസ്ഥകൾ ഉൾപ്പെടുത്തി 2017-ലെ 41-ാം നമ്പർ ഓർഡിനൻസ് [വകുപ്പ് 27(എ)] മുഖേന കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ